ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 29.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ പുനരാരംഭിച്ചു. ധീരമായ ഈ സൈനിക നടപടിയിലൂടെ പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾ തകർക്കാൻ ഇന്ത്യൻ സേനയ്ക്ക് സാധിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രിഅമിത് ഷാ.
Lok Sabha today resumed special discussion on Operation Sindoor. Participating in the discussion, Home Minister Amit Shah said that the Indian Armed forces successfully destroyed the terrorist bases in Pakistan through this brave operation.

2) പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു. ചെസ്സ് ലോകകപ്പ് കിരീടം സ്വന്തമാക്കിയ ദിവ്യ ദേശ്മുഖിനെ അഭിനന്ദിച്ച് പാർലമെൻറ്.
Rajya Sabha has been adjourned till 2 PM following Opposition uproar in the House. Both Houses of Parliament today lauded chess player Divya Deshmukh for winning the FIDE Women's Chess World Cup 2025.

3) ദേശീയ വിദ്യാഭ്യാസ നയത്തിന് ഇന്ന് 5 വയസ്സ്. ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ ദേശീയ വിദ്യാഭ്യാസ നയത്തിന് സുപ്രധാന പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ

The National Education Policy marks its fifth anniversary today. Union Education Minister Dharmendra Pradhan inagurated Akhil Bharatiya Shiksha Sangam to commemorate the five years of NEP.

4) വയനാട് ഉരുൾ പൊട്ടൽ ദുരന്തം നടന്നിട്ട് നാളെ ഒരു വർഷം പൂർത്തിയാകും; അതിജീവനത്തിന്റെ പാതയിൽ മുണ്ടക്കൈ-ചൂരൽമല നിവാസികൾ.

One year completes tomorrow since Wayanad landslide disaster.

5) ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത നൈസാർ ഭൗമ നിരീക്ഷണ ഉപഗ്രഹത്തിന്റെ വിക്ഷേപണം നാളെ

ISRO to launch Earth Observation Satellite NISAR, jointly developed with NASA, tomorrow.

6) കടുവ സംരക്ഷണത്തിൻറെ പ്രാധാന്യം ഓർമപ്പെടുത്തി ഇന്ന് അന്താരാഷ്ട്ര കടുവ ദിനം.

International Tiger Day is being celebrated today.

******************************

## Lok Sabha (INTRO)

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ പുനരാരംഭിച്ചു. പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾ തകർക്കാൻ ഇന്ത്യൻ സേനയ്ക്ക് ഈ ധീരമായ സൈനിക നടപടിയിലൂടെ സാധിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. പഹൽഗാം ഭീകരാക്രമണങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച മൂന്ന് ഭീകരരെ ഓപ്പറേഷൻ മഹാദേവിലൂടെ ഇന്ത്യൻ സായുധസേന ഇന്നലെ വധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

ലഷ്കർ ഇ തയ്ബ കമാൻഡർ അടക്കമുള്ളവരെയാണ് സുരക്ഷാസേന വധിച്ചത്.
(HOLD)

******************************

**RS ADJOURN**

പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭയിൽ ഇന്നും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. സഭാനടപടികൾ രണ്ട് മണി വരെ നിർത്തിവച്ചിരിക്കുകയാണ്. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളുയർത്തി സമ്മേളനം ആരംഭിച്ചത് മുതൽ പ്രതിപക്ഷം പ്രതിഷേധം തുടങ്ങി. വിവിധ വിഷയങ്ങളിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം നൽകിയ 24 നോട്ടീസുകൾ രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് തള്ളി. പ്രതിപക്ഷ ബഹളം തുടരുന്നതിനിടെ സഭാ നടപടികൾ നിർത്തി വയ്ക്കുകയായിരുന്നു.

******************************

**LS - FARMERS**

കർഷകരുടെ വരുമാനവും, ഭക്ഷധാന്യ ഉത്പാദനവും വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ കഴിഞ്ഞ 10 വർഷത്തിനിടെ നിരവധി നടപടികൾ സ്വീകരിച്ചതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ. ഇക്കാലയളവിൽ ഭക്ഷധാന്യോത്പാദനം 246 ദശലക്ഷം ടണ്ണിൽ നിന്നും, 353 ദശലക്ഷം ടണ്ണായി വളർന്നതായും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തര വേളയിൽ മറുപടി നൽകി. പയറുവർഗ്ഗങ്ങളുടെ ഉത്പാദനവും 16 ദശലക്ഷം ടണ്ണിൽ നിന്നും 25 ആയി ഉയർന്നു. കാർഷിക മേഖലയ്ക്കുള്ള ബജറ്റ് വിഹിതവും എൻഡിഎ സർക്കാർ വളരെയധികം വർദ്ധിപ്പിച്ചതായി മന്ത്രി പറഞ്ഞു.

******************************

**PARL - CHESS**

FIDE വനിതാ ചെസ് ലോകകപ്പ് കിരീടം സ്വന്തമാക്കിയ ദിവ്യ ദേശ്മുഖിന് പാർലമെന്റിന്റെ അഭിനന്ദനം. രാജ്യത്തിന്റെ അഭിമാനമാണ് ദിവ്യ ദേശ്മുഖ്
എന്ന് രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് പറഞ്ഞു. ദിവ്യയുടെ

നേട്ടം യുവതലമുറയ്ക്ക് പ്രചോദനമാണെന്നും അദ്ദേഹം പറഞ്ഞു. ദിവ്യ ദേശ്മുഖിൻറെ വിജയം, രാജ്യത്തെ ഒന്നാകെ ആഹ്ളാദഭരിതമാക്കുന്നതായി ലോക്സഭാ സ്പീക്കർ ഓം ബിർള അഭിപ്രായപ്പെട്ടു. FIDE ചെസ് ലോകകപ്പിൻറെ ഫൈനലിൽ എത്തിയ രണ്ടുപേരും ഇന്ത്യൻ വനിതകളാണെന്നതിലും അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

******************************

## DHARMENDRA PRADHAN (INTRO)

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ ദേശീയ വിദ്യാഭ്യാസ നയത്തിന് സുപ്രധാന പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. സമഗ്ര വിദ്യാഭ്യാസ പരിവർത്തനത്തിനുള്ള മാർഗ്ഗരേഖയായി വിദ്യാഭ്യാസ നയം മാറിയെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച അഖില ഭാരതീയ ശിക്ഷാ സമാഗം പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ്)

ദേശീയ വിദ്യാഭ്യാസനയം വിദ്യാഭ്യാസ പരിഷ്കരണം എന്നതിലുപരി, രാജ്യത്തിന്റെ ബൗദ്ധിക നവോത്ഥാനത്തെ പ്രതിനിധീകരിക്കുന്ന ദാർശനിക രേഖയാണെന്നും ശ്രീ ധർമ്മേന്ദ്ര പ്രധാൻ വ്യക്തമാക്കി.

******************************

## NEP 5 YEARS

രാജ്യത്തെ സ്കൂളുകളുടെ പരിവർത്തനത്തോടൊപ്പം പാഠ്യപദ്ധതി പരിഷ്കരണവും ലക്ഷ്യമിട്ടാണ് അഞ്ച് വർഷം മുൻപ് ദേശീയ വിദ്യാഭ്യാസ നയം കേന്ദ്രസർക്കാർ ആവിഷ്കരിച്ചത്. പാഠപുസ്തകങ്ങളെയും, ഓർമശക്തിയേയും, പരീക്ഷയിൽ നേടിയ മാർക്കിനെയും മാത്രം ആശ്രയിക്കാത്ത വിധത്തിലുള്ള വിദ്യാഭ്യാസ രീതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ

സമ്പ്രദായത്തിനും നയം അടിത്തറയിടുന്നു. നിപുൺ ഭാരത്, വിദ്യാ പ്രവേഷ് തുടങ്ങിയ സംരംഭങ്ങൾക്ക് പുറമേ, ആയിരത്തിലധികം ഐഎസ്എൽ വീഡിയോകൾ, ഓഡിയോ ബുക്കുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ആംഗ്യഭാഷയും പാഠ്യവിഷയമാക്കാൻ ഇതിലൂടെ സാധിച്ചു. "5+3+3+4" വിദ്യാഭ്യാസ ഘടനയെയും നയം പ്രോത്സാഹിപ്പിക്കുന്നു. പെൺകുട്ടികൾക്കും പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കും പിന്തുണ നൽകുന്നതിന് പുറമേ ഇന്ത്യൻ ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ദേശീയ വിദ്യാഭ്യാസ നയം ഉറപ്പു വരുത്തുന്നു.

******************************

## Wayanad – landslide

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് നാളെ ഒരാണ്ട്. അതിജീവിതർക്കായി ഒരുക്കുന്ന ടൗൺഷിപ്പിന്റെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. എൽസ്റ്റൺ എസ്റ്റേറ്റിൽ 410 വീടുകളിൽ 1662 പേർക്കാണ് തണലൊരുങ്ങുന്നത്. മാർച്ച് 27ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടതിനു ശേഷം അഞ്ച് മാസം കഴിയുമ്പോൾ മാതൃകാ വീടിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. അഞ്ച് സോണുകളിലായി നിർമ്മിക്കുന്ന 410 വീടുകളിൽ ആദ്യ സോണിൽ 140, രണ്ടാം സോണിൽ 51, മൂന്നാം സോണിൽ 55, നാലാം സോണിൽ 51, അഞ്ചാം സോണിൽ 113 എന്നിങ്ങനെയാണ് വീടുകളുണ്ടാവുക. പ്രകൃതി ദുരന്തങ്ങൾ അതിജീവിക്കാൻ സാധിക്കും വിധം 1000 ചതുരശ്രയടിയിൽ ഒറ്റ നിലയിൽ പണിയുന്ന കെട്ടിടം ഭാവിയിൽ ഇരു നില നിർമ്മിക്കാനുള്ള അടിത്തറയോടെയാണ് തയ്യാറാക്കുന്നത്.

******************************

## ISRO

ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത നിസാർ ഭൗമ നിരീക്ഷണ ഉപഗ്രഹത്തിന്റെ വിക്ഷേപണം

നാളെ. വൈകുന്നേരം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നാണ് വിക്ഷേപണം. മേഘാവൃതമായ കാലാവസ്ഥയിലും ഭൂമിയുടെ ചിത്രങ്ങൾ പകർത്താൻ ഉപഗ്രഹത്തിന് കഴിയും. അത്യാധുനിക റഡാർ ഇമേജിംഗ് സാങ്കേതികവിദ്യ സജ്ജീകരിച്ചിരിക്കുന്ന ഭൗമ നിരീക്ഷണ ഉപഗ്രഹം ഭൗമോപരിതലത്തിൽ നിന്ന് 743 കിലോമീറ്റർ ഉയരെയുള്ള ഭ്രമണപഥത്തിലേക്കാണ് വിക്ഷേപിക്കുക. മഞ്ഞ്, സസ്യങ്ങൾ, മണ്ണിന്റെ ഈർപ്പ മാറ്റങ്ങൾ എന്നിവ കണ്ടെത്തുന്നതിലും ദുരന്ത സാധ്യതകൾ മനസ്സിലാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം നിരീക്ഷിക്കുന്നതിലും ഉപഗ്രഹം നിർണായക പങ്ക് വഹിക്കും.

******************************

## TIGER DAY-BHUPENDER YADAV

ഇന്ന് അന്താരാഷ്ട്ര കടുവ ദിനം. കടുവ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നതിനുമാണ് ദിനാചരണം . 58 കടുവ സംരക്ഷണ കേന്ദ്രങ്ങളും, 3,700 ഓളം കടുവകളുമുള്ള ഇന്ത്യ കടുവ സംരക്ഷണത്തിൽ ലോകത്തിന് മാതൃകയാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് സമൂഹമാധ്യമത്തിൽ കുറിച്ചു. കടുവകളെയും വനത്തെയും സംരക്ഷിക്കുന്നതിൽ ജനങ്ങൾ പ്രതിജ്ഞാബദ്ധത പുലർത്തണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ലോകമെമ്പാടും ദിനാചരണത്തിൻറെ ഭാഗമായി വിപുലമായ പരിപാടികളാണ് നടക്കുന്നത്. 2010 മുതലാണ് കടുവ സംരക്ഷണത്തിൻറെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനായി അന്താരാഷ്ട്ര കടുവ ദിനാചരണം ആരംഭിച്ചത്.

******************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസൻറെ സമ്പൂർണ്ണ മത്സരക്രമം പ്രഖ്യാപിച്ചു. ദിവസവും രണ്ട് മത്സരങ്ങൾ വീതമാണ് നടക്കുക. ഓഗസ്റ്റ് 21-ന് ആരംഭിക്കുന്ന ടൂർണമെന്റിലെ ആദ്യ പോരാട്ടം ഏരീസ് കൊല്ലം സെയിലേഴ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ്. സെമി ഫൈനൽ സെപ്റ്റംബർ 5 നും ഫൈനൽ മത്സരം 6-നും നടക്കും.

******************************

## National Education Policy

ദേശീയ വിദ്യാഭ്യാസ നയത്തിൻറെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ

വിഭാഗം തയ്യാറാക്കിയ പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 4.30 ന് പ്രക്ഷേപണം ചെയ്യും.

******************************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 49 പോയിന്റ് ഉയർന്ന് 80,940 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 27 പോയിന്റ് നേട്ടത്തിൽ 24,704 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വിലയിൽ നേരിയ കുറവ്. പവന് 80 രൂപ താഴ്ന്ന് 73,200 രൂപയും ഗ്രാമിന് 9,150 രൂപയുമാണ് ഇന്നത്തെ വില.

******************************

## DAY MANHATTAN SHOOTING

അമേരിക്കയിലെ മാൻഹട്ടനിൽ, ഓഫീസ് കെട്ടിടത്തിലുണ്ടായ വെടിവെയ്പ്പിൽ അഞ്ച് പേർ കൊല്ലപ്പെട്ടു. നിരവധിപ്പേർക്ക് പരിക്കേറ്റിട്ടുണ്ട്. 27 കാരനായ അക്രമിയും സ്വയം വെടിവച്ച് മരിച്ചു. നിരവധി കമ്പനികളുടെ ആസ്ഥാനമായ ബഹുനില മന്ദിരത്തിലാണ് ആക്രമണം നടന്നത്.

******************************

## CAMBODIA THAILAND CEASEFIRE

കംബോഡിയ-തായ്‌ലൻഡ് വെടിനിർത്തൽ കരാർ കംബോഡിയ ലംഘിച്ചതായി ആരോപിച്ച് തായ്‌ലൻഡ്. അഞ്ച് ദിവസം നീണ്ട അതിർത്തി സംഘർഷങ്ങൾക്കൊടുവിലാണ് ഇന്നലെ ഇരു രാജ്യങ്ങൾക്കുമിടയിൽ വെടിനിർത്തൽ നിലവിൽ വന്നത്. കരാറിന് പിന്നാലെ തായ്‌ലൻഡ് ആക്രമണം നിർത്തിവച്ചെങ്കിലും, കംബോഡിയ ഏറ്റുമുട്ടലുകൾ തുടരുന്നതായാണ് തായ് ആർമിയുടെ ആരോപണം. അതിർത്തി സംഘർഷങ്ങളിൽ 38 പേർ കൊല്ലപ്പെടുകയും 3 ലക്ഷത്തോളം പേർ പലായനം ചെയ്യുകയുമുണ്ടായി.

******************************

## UNHR IRAN EXECUTION

ഇറാനിൽ വധശിക്ഷകളുടെ എണ്ണം വർദ്ധിച്ചുവരുന്നതിൽ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ മേധാവി വോൾക്കർ ടർക്ക് ആശങ്ക പ്രകടിപ്പിച്ചു. അവ്യക്തമായ കുറ്റങ്ങൾക്ക് വധശിക്ഷ ചുമത്തുന്ന സാഹചര്യം ആശങ്കപ്പെടുത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു. വധശിക്ഷകളുടെ എണ്ണം ഇനിയും വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ നിർദ്ദിഷ്ട ചാരവൃത്തി ബിൽ ഉടൻ പിൻവലിക്കണമെന്നും യുഎൻ മനുഷ്യാവകാശ മേധാവി ഇറാനോട് ആവശ്യപ്പെട്ടു.

******************************

*******************

********